# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4061 — 24-08-2017 - ൽ മറുപടിക്ക്

## ഇ.എസ്.ഐ (ESI) പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഇ.എസ്.ഐ (ESI) പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ചികിത്സയ്ക്ക് മറ്റ് സംസ്ഥാനങ്ങളിലെ ആശുപത്രികളിൽ പോയാൽ ഇ.എസ്.ഐ ആനുകൂല്യം ലഭിക്കുമോ; | (എ) | അടിയന്തിര ഘട്ടങ്ങളിൽ മറ്റ് സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളിൽ ചികിത്സ തേടുന്ന പക്ഷം ഇ.എസ്.ഐ ആനുകൂല്യം നൽകുന്നതാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലില്ലാത്ത ചികിത്സ മറ്റൊരു സംസ്ഥാനത്തുനിന്നും ലഭ്യമാകുമെന്ന് സർക്കാർ മെഡിക്കൽ കോളേജിൽ നിന്നുള്ള രേഖകൾ ഹാജരാക്കുന്ന പക്ഷം പ്രസ്തുത ചികിത്സയ്ക്കുള്ള അനുമതി സർക്കാർ തലത്തിൽ നൽകാറുണ്ട്. ഇക്കാര്യത്തിലും ഗുണഭോക്താവിന് ഇ.എസ്.ഐ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |
| (ബി) | അതിർത്തി ജില്ലകളിൽപ്പെടുന്ന തൊഴിലാളികൾ കൂടുതലായി മറ്റ് സംസ്ഥാനങ്ങളിലെ ആശുപത്രികളെ ചികിത്സയ്ക്കായി ആശ്രയിക്കുന്ന സ്ഥിതി ഉണ്ട്; ഇത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിന്റെ അതിർത്തി ജില്ലയായ കാസർഗോഡ് ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി മാത്രമാണുള്ളത്. സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് കണ്ണൂരിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ ആശ്രയിക്കണമെങ്കിൽ വളരെ ദൂരം രോഗിക്ക് യാത്ര ചെയ്യേണ്ടി വരുന്നു. കാസർഗോഡ് ജില്ലയിൽ എംപാനൽ ചെയ്ത പ്രൈവറ്റ് ആശുപത്രികളും ഇല്ല. അടിയന്തിര ഘട്ടങ്ങളിൽ കാസർഗോഡ് നിന്നും മംഗലാപുരത്ത് ചികിത്സ തേടുന്നുണ്ട്. പാലക്കാട് ജില്ലയിലെ ഗുണഭോക്താക്കൾ തമിഴ് നാട്ടിലുള്ള ആശുപത്രികളിൽ ചികിത്സ തേടുന്നത് കുറവാണ്. |
| (സി) | മറ്റ് സംസ്ഥാനത്ത് പോയി ചികിത്സിച്ചാലും ആനുകൂല്യം ലഭിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാർ നടത്തുമോ? | (സി) | കേരള സംസ്ഥാനത്ത് ലഭ്യമല്ലാത്ത ഒരു സ്പെഷ്യാലിറ്റി ചികിത്സ മറ്റൊരു സംസ്ഥാനത്ത് ലഭ്യമാണ് എന്ന് സർക്കാർ മെഡിക്കൽ കോളേജിൽ നിന്നുള്ള രേഖകൾ ഹാജരാക്കുന്ന പക്ഷം പ്രസ്തുത ചികിത്സയ്ക്കായി |

| | | | |
|---|---|---|---|
| | | | മറ്റൊരു സംസ്ഥാനത്ത് പോകുന്നതിനുള്ള അനുമതി സംസ്ഥാന സർക്കാർ നൽകാറുണ്ട്. ഇക്കാര്യത്തിൽ ഗുണഭോക്താവിന് ഇ.എസ്.ഐ ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ ഇടപെടലും സർക്കാർ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ